<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652</u> <u>14-09-2023 - ൽ മറുപടിയ്ക്ക്</u>

<u>കോവിഡാനന്തര പഠനങ്ങൾക്കുള്ള തുക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മൂന്നു സാമ്പത്തികവർഷങ്ങളിലെ ബജറ്റുകളിൽ കോവിഡാനന്തര പഠനങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എ) | കോവിഡാനന്തര പ്രവർത്തങ്ങൾക്കും ഉചിതമായ ചികിത്സാരീതിയുടെ വികസനത്തിനുമായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട് . പോസ്റ്റ് കോവിഡ് ക്ലിനിക്കടക്കമുള്ള വിവിധ പോസ്റ്റ് കോവിഡ് പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി 21-10-2022 -ലെ സർക്കാർ ഉത്തരവ് നം.2532/2022/ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യലയത്തിന് വേണ്ടി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ ആശുപത്രികളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനായി ഉത്തരവ് നം.ഡി.എച്ച്.എസ്/3541/2022-PH1 തീയതി 23.11.2022 പ്രകാരം 42 ലക്ഷം രൂപയും (ഒരു ജില്ലയ്ക്ക് 3 ലക്ഷം രൂപ വീതം) സംസ്ഥാനതല പോസ്റ്റ് കോവിഡ് ബോധവത്കരണ പ്രവർത്തനങ്ങൾക്കുമായി ഉത്തരവ് നം.ഡി.എച്ച്.എസ് /3541/2022-PH1 തീയതി 21.01.2023 പ്രകാരം5.78 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.ഈ ഫണ്ട് ഉപയോഗിച്ച്<br><br>പ്രധാനപ്പെട്ട ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പെടുത്തികൊണ്ട് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുകയും ഏകദേശം മൂന്ന് ലക്ഷത്തോളം രോഗികൾക്കു സേവനം പ്രധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>◊ പോസ്റ്റ് കോവിഡ് അടക്കമുള്ള വിവിധ കോവിഡ് ചികിത്സയ്ക്കായി താഴെ പറയും പ്രകാരമുള്ള തുകകൾ വിവിധ വകുപ്പുകളും ഏജൻസികളും ചെലവഴിച്ചിട്ടുണ്ട്.<br><br>കിഫ്ബി മുഖാന്തരം 10 കിടക്കകളുള്ള ഐസൊലേഷൻ ബ്ലോക്കുകളുടെ നിർമാണത്തിനായി **236.30** കോടി(ഓരോ മണ്ഡലത്തിലേയും പ്രവൃത്തിക്ക് 1.69 കോടി രൂപ വീതം) 03-09-2021-ലെ ധനാനുമതി |

| | | | |
|---|---|---|---|
| | | | ഉത്തരവ്വ പ്രകാരം അനുവദിച്ചത്.ടി പ്രവൃത്തിക്കായി നാളിതുവരെ ആകെ 85,07,29,698/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>♦ ഉചിതമായ ചികിത്സാ രീതിയുടെ വികസനത്തിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പിന്റെ ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നടത്തുന്നതിന് 2022-2023 വർഷത്തിൽ 8 ലക്ഷം രൂപയും, 2023-24 വർഷത്തിൽ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2022-23 വർഷത്തിൽ ടി തുകയിൽ 4,17,651/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>♦ മെഡിക്കൽ കോളേജുകളുടെ പ്ലാൻ ശീർഷകങ്ങളിൽ കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ അനുവദിച്ച തുക കോവിഡ് സംബന്ധമായ അനുബന്ധ പ്രവർത്തനങ്ങൾക്കുകൂടിയാണ് വിനിയോഗിച്ചിട്ടുള്ളത്.വിവധ ഉപകരണങ്ങൾ , ലാബുകൾക്ക് ആവശ്യമുള്ള റീ ഏജന്റുകൾ, കെമിക്കലുകൾ തുടങ്ങിയ വിവിധ മെറ്റീരിയൽസ് & സപ്ലെയ്സ് വാങ്ങുന്നതിനും മെഡിക്കൽ ഓക്സിജൻ, ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങൽ, വാർഡുകൾ സജ്ജമാക്കൽ തുടങ്ങിയ കോവിഡുമായി ബന്ധപ്പെട്ട<br><br>പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>♦ ഭാരതീയ ചികിത്സാ വകുപ്പിന് (ISM) കോവിഡ് അനുബന്ധ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഔഷധങ്ങൾ വാങ്ങുന്നതിന് താഴെ പറയുന്ന പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.<br><br><u>2020-21</u><br><br>പ്ലാൻ ഫണ്ട്-2,33,19,226 രൂപ<br><br>എൻ.എച്ച്.എം ഫണ്ട്-5,00,00,000 രൂപ<br><br>NAM ഫണ്ട്-1,75,00,000 രൂപ<br><br><u>2021-22</u><br><br>നോൺ പ്ലാൻ ഫണ്ട്-15,00,00,000 രൂപ<br><br>പ്ലാൻ ഫണ്ട്-11,00,000 രൂപ<br><br>NAM ഫണ്ട്-2,71,28,000 രൂപ. |

സെക്ഷൻ ഓഫീസർ